## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 120 10-12-2012 -ൽ മറുപടിക്ക്.

### വിദേശമദ്യം സംബന്ധിച്ച ചട്ടങ്ങൾ

ചോദ്യം

ശ്രീ. ജി. സുധാകരൻ
" സാജു പോൾ
" എസ്. രാജേന്ദ്രൻ
" ആർ. രാജേഷ്

ഉത്തരം

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും
എക്സൈസും വകുപ്പു മന്ത്രി)

(എ) വിദേശമദ്യം സംബന്ധിച്ച ചട്ടങ്ങളിൽ കൊണ്ടുവന്ന ഭേദഗതികൾ ഹൈക്കോടതി അസാധുവാക്കിയിട്ടുണ്ടോ; ഇതിനിടയായ സാഹചര്യം വിശദമാക്കുമോ;

(എ) ഉണ്ട്. ഇതിനായി കൊണ്ടുവന്ന നിയമ ഭേദഗതി, ഭരണഘടനയുടെ അനുച്ഛേദം 14-ന്റെ ലംഘനമാണെന്ന് കോടതി കണ്ടെത്തിയതിനാലാണ് അസാധുവാക്കിയിട്ടുള്ളത്. പുതിയ ബാർ ലൈസൻസുകൾ നൽകുന്നത് 4 സ്റ്റാറിനും അതിനുമുകളിലുമുള്ള ഹോട്ടലുകൾക്കായി നിജപ്പെടുത്തി, സർക്കാർ, 09-12-11 -ൽ G.O.(P)No.192/11/TD. ഉത്തരവു പ്രകാരം വിദേശമദ്യ ചട്ടത്തിൽ ഭേദഗതി വരുത്തി.

(ബി) ഹൈക്കോടതി വിധിക്കെതിരെ അപ്പീൽ നൽകുകയുണ്ടായോ; ഇല്ലെങ്കിൽ കാരണം എന്തായിരുന്നു; പുതിയ ത്രീ സ്റ്റാർ ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകുന്നത് സംബന്ധിച്ച നിലപാട് എന്താണ്;

(ബി) ഉണ്ട്. ബഹു. സുപ്രീം കോടതിയിൽ SLP 26241 - 26243/12 കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. ത്രീ സ്റ്റാർ ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകേണ്ടതില്ലെന്ന നിലപാടാണ് സർക്കാരിനുള്ളതെങ്കിലും, കോടതി ഉത്തരവ് പാലിക്കേണ്ടതുണ്ട്.

(സി) സർക്കാർ നിലപാടിന് കോടതിയിൽ അംഗീകാരം നേടിയെടുക്കുന്നതിന് കഴിയാതെപോയ സാഹചര്യം എന്തായിരുന്നു; സർക്കാരിന്റെ സത്യവാങ്മൂലത്തിൽ ഉന്നയിച്ച പ്രധാന കാര്യങ്ങൾ എന്തായിരുന്നു?

(സി) പൊതുജന താല്പര്യാർത്ഥം, സമൂഹത്തിലെ അമിത മദ്യപാനാസക്തി കുറയ്ക്കുക, ബോധവൽക്കരണത്തിലൂന്നി, ഘട്ടം ഘട്ടമായി മദ്യവർജ്ജനം നടപ്പിലാക്കുക എന്നീ പ്രഖ്യാപിത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാണ് സർക്കാർ മദ്യനയം പ്രഖ്യാപിച്ചിട്ടുള്ളത്. എന്നാൽ, സർക്കാരിന്റെ സദുദ്ദേശ്യം കോടതി അംഗീകരിക്കുകയുണ്ടായില്ല. പൊതുജനങ്ങളുടെ ആരോഗ്യമാണ് രാജ്യത്തിന്റെ പരമമായ വളർച്ചയ്ക്കും ഉന്നതിക്കും നിദാനമാകുന്നത്. മദ്യത്തിന്റെ ലഭ്യത അമിത മദ്യപാനത്തിന് കാരണമാകുന്നതിനാൽ, ജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിലൂടെ സർക്കാരിന് വമ്പിച്ച സാമ്പത്തിക ബാധ്യത ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇക്കാര്യങ്ങളാണ് സർക്കാരിന്റെ സത്യവാങ്മൂലത്തിൽ ഉന്നയിച്ചിട്ടുള്ളത്.

സെക്ഷൻ ആഫീസർ